## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5005 — 30-06-2014-ൽ മറുപടിക്ക്

### എക്സൈസ് വകുപ്പിന്റെ 'റെഡ് അലർട്ട്' പ്രഖ്യാപനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എ. എ. അസീസ്:<br>" കോവൂർ കുഞ്ഞുമോൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | എക്സൈസ് വകുപ്പ് 'റെഡ് അലർട്ട്' പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്നുമുതലാണ് 'റെഡ് അലർട്ട്' പ്രഖ്യാപിച്ചത്; പ്രഖ്യാപിക്കാനുണ്ടായ സാഹചര്യം എന്താണ്; | (ബി) | 06-04-2014 മുതൽ. സംസ്ഥാനത്ത് നിരവധി ബാറുകൾ ഉൾപ്പെടെയുള്ള മദ്യവിൽപ്പനശാലകൾ അടഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായാണ് 'റെഡ് അലർട്ട്' പ്രഖ്യാപിച്ചത്. |
| (സി) | 'റെഡ് അലർട്ട്' പ്രഖ്യാപിച്ചാൽ എന്തൊക്കെ അടിയന്തിര നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പൊതുജനങ്ങളിൽ നിന്നും വിവരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി എക്സൈസ് കമ്മീഷണറേറ്റിലും, ജില്ലാ, താലൂക്ക് തലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിക്കുകയും, അതിർത്തി പ്രദേശങ്ങളിൽ രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തി, അതുവഴി കടന്നുവരുന്ന വാഹനങ്ങൾ കൃത്യമായി പരിശോധന നടത്തുന്നുണ്ട്. കൂടാതെ ദേശീയ പാതകളിലും അതിർത്തി പ്രദേശങ്ങളിലെ റോഡുകളിലും കർശന വാഹന പരിശോധന നടത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ എക്സൈസ് റേഞ്ച്/സർക്കിൾ ഓഫീസുകളുടേയും പ്രവർത്തനം ശക്തിപ്പെടുത്തി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ സ്ട്രൈക്കിംഗ് ഫോഴ്സും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ